ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ വളരെ സജീവമായി ഗവൺമെന്റ് പരിഗണിച്ചു കൊണ്ടിരിക്കുന്നവയാണ്, ബഹുമാന്യപ്പെട്ട അസീസ് ചൂണ്ടിക്കാണി
11.00 A.M.] ച്തുപോലെ തന്നെ കുടിവറുപ്പ് നിയമങ്ങൾമൂലം നിരോധിച്ചിരുന്നത് പുനരാരംഭിച്ചു എന്ന് കണ്ട ഉടൻതന്നെ അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനകം ആ ഭാഗത്തെ സ്ഥലങ്ങളിൽ ഉദ്യോഗസ്ഥർ റെയ്ഡ് നടത്തി പോലീസിന്റെ സഹായത്തോടുകൂടിത്തന്നെ അത് നിർത്തലാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞതു പോലെതന്നെ ഈ നിയമനിഷേധത്തിനെതിരായ സ്കാഡിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ കൂടുതൽ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഈ ജൂൺ മാസം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുമായും ചേർന്ന് 26 ഫാക്ടറികൾ ഇതിനകം പരിശോധന നടത്തി. അതിൽ പ്രോവിഡന്റ് ഫണ്ട് ഉദ്യോഗസ്ഥരുടെ പങ്കാളിത്തം മോശമാണെന്ന് കണ്ടുകൊണ്ട് ഇവിടുത്തെ റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണറുമായി ഞാൻ നേരിട്ട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ് മാസം 10-ാം തീയതി റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ പങ്കെടുത്തുകൊണ്ട് കാഷ്യൂവിന് മാത്രമായി കൊല്ലത്ത് അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ യൂണിയൻ നേതാക്കളുടെയും പങ്കാളിത്തം അതിലുണ്ടായിരുന്നു. അതുപോലെതന്നെ, പരിശോധന നടത്തിയിട്ടുള്ള ഫാക്ടറികളുടെ റിപ്പോർട്ടുകൾ അതാത് പ്രദേശത്തെ ട്രേഡ് യൂണിയൻ നേതാക്കളുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യാമെന്ന് സമ്മതിച്ചിട്ടുണ്ട്. 5-ാം തീയതി അസംബ്ലി തീരുന്ന മുറയ്ക്ക് എന്റെ കൂടി സാന്നിദ്ധ്യത്തിൽ ഈ പ്രശ്നങ്ങൾ ബന്ധപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കളുമായി ഓരോ റീജിയനായി ചർച്ച ചെയ്യും. ഇപ്പോൾ കൊട്ടാരക്കര മേഖല, അതുകഴിഞ്ഞ് കൊട്ടിയം അങ്ങനെ ഓരോ മേഖലകളായി തിരിച്ച് ഫാക്ടറികളിലെ യഥാർത്ഥ സ്ഥിതിയെ കുറിച്ചും അവിടെ നടക്കുന്ന നിയമ നിഷേധത്തെക്കുറിച്ചും മുതലാളിമാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് വിശദമായ ഒരു ചർച്ച നടത്തും. പെൻഷന്റെ കാര്യം പറഞ്ഞു, ലേബർ വെൽഫയർ ഫണ്ടിന്റെ പെൻഷൻ 12 മാസത്തെ കുടിശ്ശികയുണ്ട്. അത് ഓണത്തിന് മുമ്പ് പരമാവധി കൊടുത്തു തീർക്കാൻ ശ്രമിക്കുകയാണ്. സർക്കാർ നേരിട്ട് കൊടുക്കുന്ന കുറച്ച് പെൻഷൻ കാഷ്യൂ കോർപ്പറേഷനിലുണ്ട്. അതും മറ്റ് പെൻഷനോടൊപ്പം കൊടുത്തു തീർക്കാൻ ശ്രമിക്കുകയാണ്. ഓണത്തിന് മുമ്പ് രണ്ട് ഗഡു എങ്കിലും കൊടുക്കാൻ കഴിയും.

(10) എടത്തല ഗ്രാമപഞ്ചായത്തിലെ യുനാനി ക്ലിനിക് ആൻഡ് റിസർച്ച് സെന്റർ മാറ്റുന്നതിനെതിരെ നടപടി

ശ്രീ. കെ. മുഹമ്മദാലി: സർ, സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഏക സ്ഥാപനമാണ് എടത്തലയിലെ യുനാനി ഡിസ്പെൻസറി. അവിടെ വരുന്ന സ്റ്റാഫ് പലരും പുറത്തുനിന്നുള്ളവരാണ്, വളരെയേറെ രോഗികൾ ഇന്ന് ആശ്രയിക്കുന്ന കേരളത്തിലെ ഏക സ്ഥാപനമാണിത്. ആ ആരോഗ്യകേന്ദ്രം തമിഴ്നാട്ടിലേക്ക് മാറ്റി കൊണ്ടുപോകാനുള്ള ശ്രമം നടത്തിവരികയാണ്. അടിയന്തിരമായും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഈ സ്ഥാപനം അവിടെ പ്രവർത്തിപ്പിക്കാൻ വേണ്ട സൗകര്യങ്ങൾ ചെയ്യണം. അതിനാവശ്യമായ സ്ഥലം കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലവും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുത്തിട്ടുണ്ട്. അത് ഇവിടെത്തന്നെ പ്രവർത്തിപ്പിക്കാനുള്ള നടപടി കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിൽ കേന്ദ്രഗവൺമെന്റിന്റെ ആരോഗ്യ കുടുംബ ക്ഷേമവകുപ്പിന്റെ കീഴിൽ യുനാനി ക്ലിനിക് ആൻറ് റിസർച്ച് സെന്റർ എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. 1986 ഡിസംബറിൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിന്റെ ചാർജ്ജ് ഇപ്പോൾ വഹിക്കുന്നത് ഡോക്ടർ എസ്. കരീം മുല്ലയാണ്. എല്ലാ ചൊവ്വാഴ്ചയും ഈ സ്ഥാപനത്തിന്റെ ഒരു മൊബൈൽ യൂണിറ്റ് കൊടുങ്ങല്ലൂർ ഭാഗത്ത് പ്രവർത്തനം നടത്തിവരുന്നു. രണ്ട് റിസർച്ച് ഓഫീസറും 6 മറ്റ് ജീവനക്കാരുമാണ് ഈ സ്ഥാപനത്തിലുണ്ടായിരുന്നത്. 2005 മേയ്, ജൂൺ മാസങ്ങളിലായി ഒരു റിസർച്ച് ഓഫീസറേയും മൂന്ന് ജീവനക്കാരേയും മദ്രാസിലേക്കും ഡൽഹിയിലേക്കും സ്ഥലം മാറി. ഡെയ്ലി വേജസ്സിലുള്ള സ്വീപ്പറെ പിരിച്ചുവിട്ടു. ഇപ്പോൾ റിസർച്ച് ഓഫീസറെ കൂടാതെ ബാക്കിയുള്ള രണ്ട് ജീവനക്കാർക്കുകൂടി മദ്രാസിലേക്ക് സ്ഥലം മാറ്റം വന്നിട്ടുണ്ടെങ്കിലും പൊതുജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് ഈ ജീവനക്കാരെ മാറ്റാതിരിക്കുകയാണ്. ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും കേന്ദ്ര ഗവൺമെന്റിൽനിന്നും ഡി.ഡി. യായിട്ടാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ സ്ഥാപനത്തിലേക്കുള്ള ഔഷധങ്ങളും കേന്ദ്രഗവൺമെന്റിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നു. ധാരാളം രോഗികളും എത്തുകയും അവർക്കെല്ലാം വളരെ പ്രയോജനം ലഭിക്കുകയും ചെയ്യുന്ന ഈ സ്ഥാപനം അടച്ചുപൂട്ടാനുള്ള നീക്കം തടഞ്ഞ് ഇവിടെത്തന്നെ നിലനിർത്താൻ സഹായിക്കണമെന്നുള്ള കാര്യം ശ്രീ. കെ. മുഹമ്മദാലി. എം.എൽ.എ. തന്നെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ഈ സ്ഥാപനം ഇവിടെത്തന്നെ നിലനിർത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ആരോഗ്യമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്; കഴിഞ്ഞ തവണ ഡൽഹിയിൽ പോയപ്പോൾ നേരിട്ട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്.

(11) മലയിടിച്ചിലും അതിവർഷവും മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കഴിഞ്ഞ 4 ദിവസമായി ഇടുക്കി ജില്ലയിൽ വ്യാപകമായി കനത്ത മഴ തുടരുകയാണ്. കനത്ത മഴയിലും കാറ്റിലുംപെട്ട് നിരവധി നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഗതാഗത സൗകര്യം മുടങ്ങിയിട്ടുണ്ട്. ഏറ്റവും കൂടുതൽ നാശം വിതച്ചത് മൂന്നാർ മേഖലയിലാണ്. മൂന്നാർ മേഖലയിലെ നല്ലതണ്ണി റോഡിനോട് ചേർന്ന കെട്ടിടം ഇടിഞ്ഞുവീണ് ഒരാൾ മരിക്കുകയും ഏതാണ്ട് പത്തോളം ആളുകളെ കാണാതായിരിക്കുകയും ചെയ്യുന്ന സംഭവമാണ് അവിടെയുണ്ടായിട്ടുള്ളത്. അഞ്ചോളം വീടുകൾ മണ്ണിനടിയിലാണെന്നാണ് അറിഞ്ഞത്. അതുപോലെ തന്നെ എന്റെ നിയോജകമണ്ഡലത്തിലെ കഞ്ഞിക്കുഴി, വാത്തിക്കുടി പഞ്ചായത്തുകളിലെ വരിക്കമുത്തൻ, മുരിക്കാശ്ശേരി പ്രദേശങ്ങളിൽ നിരവധി വീടുകൾ വാസയോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. ആ വീടുകൾ പുനരുദ്ധരിക്കാൻ ഇന്ന് ഗവൺമെന്റ് നൽകുന്ന തുക അപര്യാപ്തമാണ്. ഭാഗികമായി തകർന്ന വീടുകൾക്ക് 3,000 രൂപയും, പൂർണ്ണമായി തകർന്ന വീടുകൾക്ക് 15,000 രൂപയുമാണ് ഇപ്പോൾ നിയമം അനുശാസിക്കുന്നത്. അതുകൊണ്ട് തലചായ്ക്കാൻ ഒരു വീട് നിർമ്മിക്കാൻ സാദ്ധ്യമല്ല. ആ തുക വേഗത്തിൽ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇത്തരം വിഷയങ്ങളിൽ ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധയുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly